**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1251** **07-02-2023 - ൽ മറുപടിയ്ക്ക്**

**മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് നവീകരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന തൃശ്ശൂർ ജില്ലയിലെ മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് പണിയുടെ പുരോഗതി വിശദീകരിക്കുമോ; | (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച നവീകരിക്കുന്ന തൃശ്ശൂർ ജില്ലയിലെ മുരിങ്ങൂർ - ഏഴാറ്റുമുഖം എന്ന റോഡ് പ്രവൃത്തി 05/06/2020ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ചതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 12/12/2021 ആയിരുന്നു. ഇത് 10/6/2023 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇത് വരെ ഈ പ്രവൃത്തിയിൽ14 കലുങ്കുകളുടെ പുനർനിർമ്മാണം, 1.3 കി. മി. കാന നിർമ്മാണം, 4.35 കി. മി. ഡി ബി എം പ്രവൃത്തി, 775 മി. സംരക്ഷണ ഭിത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.. |
| (ബി) | നിലവിൽ ഈ പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | നിലവിൽ ഈ പ്രവൃത്തി 33 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ? | (സി) | **പ്രവൃത്തി പൂർത്തീകരിക്കാനുള്ള കരാറുകാരന്റെ വീഴ്ച്ച കണക്കിലെടുത്ത് ടി പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 30/01/2023-ൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പുനഃക്രമീകരിച്ച് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.** |

സെക്ഷൻ ഓഫീസർ